ആഗസ്റ്റ് 2016

# "..... സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നത്"

................................................മത്തായി 25:40 ................................................

## വിചിന്തനം

ധനവാനും ലാസറും എന്ന ഉപമയാണ് (ലൂക്കാ 16:19) നാം ഇപ്പോൾ വിചിന്തനം ചെയ്യുക. ദൈവകരുണയുടെ ഇനിയും മറ്റൊരു ഭാവവും, അതോടൊപ്പം "കരുണയുടെ വിപരീതം" എന്നോ കരുണ അതിവിദൂരത്തായിരിക്കുന്ന ഒരു അവസ്ഥയെന്നോ നാം പറയുവാനിടയുള്ളതും യേശു വെളിപ്പെടുത്തുന്നു.

വിലയേറിയതെന്തും വിലമതിക്കപ്പെടുന്നത് അത് കാണാതാവുകയോ വിരുദ്ധമായതൊന്ന് പകരം വയ്ക്കപ്പെടുകയോ ചെയ്യുമ്പോഴാണ്. നമ്മുടെ വിചിന്തന വിഷയമായ ഉപമയ്ക്ക് രണ്ടു രംഗങ്ങളുണ്ട്. ഒന്ന്, ധനവാനും ലാസറും ഈ ലോകത്തിൽ. രണ്ട്, ധനവാനും അബ്രാഹവും ലാസറും അടുത്ത ലോകത്തിൽ. ആദ്യരംഗത്ത് ധനവാന്റെ സുഭിക്ഷവും ആനന്ദപൂർണ്ണവുമായ ജീവിത ശൈലി ദരിദ്രനായ ലാസറിന്റെ നിന്ദ്യവും ശോച്യവുമായ അസ്തിത്വവുമായി താരതമ്യം ചെയ്യപ്പെടുന്നു. പ്രതാപവാനായ ധനികന് തിരിച്ചറിയപ്പെടുവാൻ ഒരു പേര് ഇല്ലാതിരിക്കെ, ദരിദ്രനായ ലാസറിന് ഒരു പേര് ഉണ്ട് എന്നതാണ് ശ്രദ്ധാർഹമായ ഒരു വൈരുദ്ധ്യം. യഥാർത്ഥത്തിൽ യേശുവിന്റെ ഉപമകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏക നാമവും അതാണ്. ഒരു രാജാവിനെപ്പോലെ ജീവിച്ച ധനികൻ പേരില്ലാത്തവനാകാൻ വിധിക്കപ്പെടുമ്പോൾ ദരിദ്രനാവട്ടെ, നിത്യതയ്ക്കായി രേഖപ്പെടുത്തപ്പെട്ട ഒരു പേരുണ്ട്.

രണ്ടു രംഗങ്ങളിലും സ്ഥിതിവിശേഷങ്ങളുടെ സുവ്യക്തമായ ഒരു തിരിയൽ ഉണ്ട്. ഭൗമിക ജീവിതത്തിൽ ധനികൻ ഓരോ ദിവസവും വിരുന്ന് ആസ്വദിച്ചപ്പോൾ അയാളുടെ മേശയിൽ നിന്നു വീണിരുന്നവപോലും ലാസറിന് നൽകിയില്ല. അടുത്ത ജീവിതത്തിൽ ലാസർ ആനന്ദിക്കുമ്പോൾ ധനികന് ചുണ്ടു നനയ്ക്കാൻ ഒരു തുള്ളി വെള്ളം പോലും കിട്ടുന്നില്ല.

നാം മുമ്പ് വിചിന്തനം ചെയ്ത ഉപമകളും ധനവാനും ലാസറും എന്ന ഉപമയും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ഇതുവരെ, അനുകമ്പയ്ക്കും കരുണയ്ക്കും വേണ്ടിയുള്ള ഓരോ അഭ്യർത്ഥനയും – രണ്ടു കടക്കാർക്ക് പൂർണ്ണമായി ഇളച്ചു കൊടുത്തതു തുടങ്ങി ധൂർത്തപുത്രന്റെ യാചന വരെ – അനുവദിച്ചുകൊടുത്തിരുന്നു; വിധവയുടെ നിരന്തരമായ അപേക്ഷയും ദേവാലയത്തിലെ ചുങ്കക്കാരന്റെ അഭ്യർത്ഥനയും അനുവദിച്ചിരുന്നു. "എന്നിൽ കനിയണമെ" (16:24) എന്ന ധനികന്റെ നിലവിളിക്ക് മറുപടി നൽകാത്തതുപോലെ ഈ അവസ്ഥയും മാറ്റി മറിക്കാനാവാത്തതാണ്. ഇത് ഒരു ചോദ്യമുയർത്തുന്നു. ദൈവത്തിന്റെ അനന്തകരുണയിൽ എങ്ങിനെ ഒരവസ്ഥ മാറ്റി മറിക്കാനാവാത്തത് ആവും? എന്തുകൊണ്ടാണ് ധനവാന്റെ പ്രാർത്ഥനയ്ക്ക് അയാളുടെ അവസ്ഥ ഒരു തരിമ്പുപോലും ഭേദപ്പെടുത്താനാവാത്തത്?

നരകത്തിലായിരുന്ന ധനവാൻ ലാസറിനെ അബ്രാഹത്തിന്റെ മടിയിൽ കാണുമ്പോൾ തിരിച്ചറിയുകയും രണ്ടുതവണ പേരുചൊല്ലി വിളിക്കുകയും ചെയ്യുന്നു. അങ്ങനെ അയാൾ തന്റെ തന്നെ വാക്കുകളിലൂടെ സ്വയം വിധിക്കുന്നു. തന്റെ ഭൗമിക ജീവിതത്തിൽ ലാസർ ആരാണെന്ന് അയാൾ കൃത്യമായി അറിഞ്ഞിരുന്നു; എങ്കിലും എപ്പോഴും അയാളെ അവഗണി

ച്ചിരുന്നു. ധനവാന്റെ പടിവാതില്ക്കൽ ശരീരമാസകലം വ്രണങ്ങളുമായി കഴിഞ്ഞിരുന്ന ലാസറിനോട് ഈ ജീവിതത്തിൽ സാധ്യമായ അനുകമ്പ കാട്ടാതിരുന്നതുകൊണ്ടാണ് ധനവാന്റെ ഇപ്പോഴത്തെ അവസ്ഥ പരിഹരിക്കാനാവാത്തത്; പിന്നീടോ, അടുത്ത ജീവിതത്തിലോ, അനുകമ്പ പ്രസക്തമല്ല; മാത്രമല്ല ധനവാന് അസാധ്യവുമാണ്. അയൽക്കാരോടുള്ള കരുണ കുറയുമ്പോഴെല്ലാം ദൈവകരുണയും കുറയുന്നു. അയൽക്കാരനോട് കരുണ കാട്ടാത്തിടത്ത് ദൈവകരുണയ്ക്ക് ഇടമില്ല.

ധനവാന്റെ അവസ്ഥയിലേക്ക് നിപതിക്കാതിരിക്കാൻ ഈ ഉപമ നമുക്ക് ഒരുവഴി കാട്ടിത്തരുന്നു. ഇപ്പോൾ മോശയ്ക്കും പ്രവാചകർക്കും ദൈവവചനത്തിനും കാതോർക്കുക. മനുഷ്യജീവിതത്തിന്റെ അന്ത്യത്തെക്കുറിച്ച് യേശു സംസാരിക്കുമ്പോൾ, അവിടന്ന് സമയത്തിന്റെ പശ്ചാത്തലത്തിൽ നിത്യതയെന്ന യാഥാർത്ഥ്യത്തിൽ ശ്രദ്ധ ഊന്നുന്നു. വർത്തമാനകാലത്തിലൂടെ ഭാവി കൊണ്ടുവരുന്നു. ഈ ജീവിതത്തിൽ നമുക്ക് അനുവദിച്ചു തന്നിരിക്കുന്ന സമയത്ത് നാം എന്തുചെയ്യണമെന്നുള്ള മഹത്തായ പ്രബോധനമാണ് ഇത് നമുക്കെല്ലാം പ്രദാനം ചെയ്യുന്നത്. അന്ത്യവിധിയിൽ നിയതമോ നിഷേധാത്മകമോ ആയ അനന്തരഫലം ഉറപ്പാക്കുന്നതോ ഒഴിവാക്കുന്നതോ സമ്പത്ത് അഥവാ ദാരിദ്ര്യം അല്ല. പിന്നെയോ, അപരനെ കാണാനും അവനോട് അനുകമ്പ കാട്ടാനുമുള്ള കഴിവോ കഴിവില്ലായ്മയോ ആണ്.

കരുണ സദാ മൂന്നു മാനങ്ങളിൽ ആണ് ചരിക്കുന്നത്. (ദൈവവും ഞാനും അപരനും) ഒരിക്കലും ഏകമാനത്തിലോ (ഞാൻ മാത്രം) ദ്വിമാനത്തിലോ (ദൈവവും ഞാനും) അല്ല. മനുഷ്യഹൃദയം ആർദ്രമാക്കാൻ ദൈവവചനം നമ്മെ സഹായിക്കുന്നു. കരുണ മനുഷ്യഹൃദയത്തിൽ നിന്ന് നിർഗളിക്കുന്നു. ദൈവവചനത്തിനു മാത്രമെ അത് വറ്റിപോകാതെ നിറഞ്ഞു കവിഞ്ഞൊഴുകാൻ പ്രാപ്തമാക്കാനാവൂ. ദൈവവചനം മനുഷ്യഹൃദയത്തിൽ തുളച്ചു കയറുമ്പോൾ അതിനെ ഉജ്ജ്വലിപ്പിക്കുകയും എല്ലാത്തരം അന്ധതയിലും ബധിരതയിലും നിന്ന് സുഖപ്പെടുത്തുകയു ചെയ്യുന്നു. മുമ്പൊരിക്കലും കണ്ടിട്ടുണ്ടാവാനിടയില്ലാത്തതിനെ കാണുവാൻ അത് പ്രാപ്തരാക്കുന്നു; ദൈവവചനത്തിനായി നമ്മുടെ ഹൃദയം തുറക്കുമ്പോൾ ഇതാവട്ടെ നമ്മുടെ പ്രാർത്ഥന.

ദൈവമേ സ്തുതി, ദൈവമേ നന്ദി, ദൈവമേ മഹത്വം

## വിശുദ്ധരുടെ മൊഴി

**വാഴ്ത്തപ്പെട്ട വ്ളാഡിമാർ ഗിക്കാ**

പകലസ്തമിക്കുമ്പോൾ യേശുവിന്റെ ശിഷ്യൻമാർ തിരിച്ചറിയപ്പെടുന്നത് ഒരേ ഒരു രീതിയിൽ മാത്രമാവും: ഗുരുവിനെപ്പോലെ തങ്ങളുടെ സഹോദർക്കുവേണ്ടി സ്വന്തം ശരീരമാകുന്ന ജീവനുള്ള അപ്പം ബലിയായി അർപ്പിച്ചുകൊണ്ട് "അപ്പം മുറിക്കുന്ന" രീതി.

## പാപ്പ പറയുന്നു.

ഇന്ന് ധനവാനും ലാസറും എന്ന ഉപമ നിങ്ങളോടൊപ്പം ധ്യാനിക്കാം. അവരുടെ ജീവിതം സമാന്തരപാതകളിൽ ചരിക്കുന്നതുപോലെ തോന്നുന്നു. അവരുടെ ജീവിതാവസ്ഥകൾ വിപരീതമാണ്; ഒട്ടും പരസ്പരബന്ധിതമല്ല. ധനവാന്റെ പടിവാതിൽ ദരിദ്രനെതിരെ എപ്പോഴും അടഞ്ഞുകിടക്കുന്നു; ദരിദ്രനാവട്ടെ ധനവാന്റെ മേശയിൽ നിന്നു വീഴുന്ന ഉച്ഛിഷ്ടത്തിനായ് അവിടെ കാത്തുകിടക്കുന്നു. ധനവാൻ ചെമന്ന പട്ടും മൃദുലവസ്ത്രങ്ങളും ധരിച്ചിരിക്കുന്നു; ലാസറാവട്ടെ ശരീരം മുഴുവൻ വ്രണങ്ങളുമായി കഴിയുന്നു. ധനവാൻ എന്നും സുഭിക്ഷമായി ഭക്ഷിക്കുന്നു, ലാസറോ പട്ടിണിയിലാണ്. നായ്ക്കൾ മാത്രം അവനെ പരിചരിച്ചു; അവന്റെ വ്രണങ്ങൾ നക്കി. ഈ രംഗം, "എനിക്കു വിശന്നു; നിങ്ങൾ ആഹാരം തന്നില്ല. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നില്ല....... ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല......."

(മത്തായി 25:42-43) എന്ന മനുഷ്യപുത്രന്റെ അന്ത്യവിധിയിലെ നിഷ്ഠൂരമായ ശാസന അനുസ്മരിക്കുന്നു. യുഗങ്ങളിലൂടെയുള്ള ദരിദ്രരുടെ നിശബ്ദ രോദനത്തിന്റെയും അളവറ്റ സമ്പത്തും വിഭവശേഷികളും ചുരുക്കം ചിലർ കൈപിടിയിൽ ഒതുക്കി വച്ചിരിക്കുന്ന ഒരു ലോകത്തിന്റെ വൈരുദ്ധ്യങ്ങളുടെയും ഒരുദാഹരണമാണ് ലാസർ.

യേശുപറയുന്നു: ഒരുനാൾ ആ ധനവാൻ മരിച്ചു. ദരിദ്രനും ധനവാനും മരിക്കും; നമുക്കെല്ലാവർക്കുമെന്നതുപോലെ അവരുടെ അന്ത്യവും ഒന്നുതന്നെയാണ്. ഇതിൽ നിന്ന് ആർക്കും ഒഴിവില്ല. "പിതാവേ" (24,27) എന്ന് വിളിച്ച് അയാൾ അബ്രാഹത്തിലേക്ക് തിരിയുന്നു. അങ്ങനെ താൻ അബ്രഹാമിന്റെ മകൻ, ദൈവജനം ആണ് എന്ന് അയാൾ അവകാശപ്പെടുന്നു. പക്ഷേ ജീവിതത്തിലൊരിക്കലും അയാൾ ദൈവത്തെ പരിഗണിച്ചിരുന്നില്ല. മറിച്ച്, അയാൾ സകലതിന്റെയും കേന്ദ്രമായി സ്വയം പ്രതിഷ്ഠിച്ചു. അയാളുടെ ആഡംബരത്തിന്റെയും പാഴാക്കലിന്റെയും ഒരു ലോകത്തിൽ സ്വയം കൊട്ടിയടച്ചിരുന്നു. ലാസറിനെ ഒഴിവാക്കുന്നതിൽ അയാൾ കർത്താവിനെയോ നിയമത്തെയോ കണക്കിലെടുത്തില്ല. ഒരു ദരിദ്രനെ അവഗണിക്കുന്നത് ദൈവത്തെ നിന്ദിക്കലാണ്! ഇത് നാം നന്നായി മനസിലാക്കണം. ദരിദ്രനെ അവഗണിക്കുന്നത് ദൈവത്തെ നിന്ദിക്കലാണ്. ഉപമയിൽ ശ്രദ്ധേയമായ ഒരു വിശദാംശമുണ്ട്. ധനവാന് പേരില്ല, ഒരു വിശേഷണം മാത്രം: 'ധനവാൻ'. എന്നാൽ ദരിദ്രന്റെ പേര് അഞ്ച് തവണ ആവർത്തിക്കപ്പെടുന്നു. 'ലാസർ' എന്നാൽ ദൈവം സഹായിക്കുന്നു എന്നർത്ഥം. പടിവാതില്ക്കൽ കഴിയുന്ന ലാസർ ദൈവത്തെ ഓർക്കാൻ ധനവാനു ലഭിക്കുന്ന ജീവനുള്ള ഓർമ്മക്കുറിപ്പാണ്. എന്നാൽ ധനവാൻ ആ ഓർമ്മിപ്പിക്കൽ സ്വീകരിക്കുന്നില്ല. അതിനാൽ, അയാൾ വിധിക്കപ്പെടും; അയാളുടെ സമ്പത്തു മൂലമല്ല, മറിച്ച് ലാസറിനോട് അനുകമ്പ കാട്ടാനും അയാളെ സഹായിക്കാനും കഴിയാത്തതു മൂലം

(2016 മേയ് 18 വി.പത്രോസിന്റെ ചത്വരം)

### കാരുണ്യ പ്രവൃത്തികൾ

**വിശക്കുന്നവന് ആഹാരം കൊടുക്കുക, ദാഹിക്കുന്നവന് കുടിക്കാൻ കൊടുക്കുക.**

ധനവാനും ലാസറും തമ്മിലുള്ള ബന്ധം മരണശേഷവും തുടരുന്നു; താൻ ലാസറിനോട് ഹൃദയശൂന്യമായി പെരുമാറിയെന്ന് ധനവാൻ തിരിച്ചറിയുമ്പോൾ. അയാളുടെ ഉപേക്ഷമൂലമുള്ള പാപം - ദുരിതത്തിൽ നിന്ന് കരകയറാൻ ലാസറിനെ സഹായിക്കാതിരുന്നത് - നരകയാതനയിലേക്ക് അയാളെ നയിച്ചു. ഈ തിരുവചനങ്ങൾ നാം പ്രാർത്ഥിക്കുമ്പോൾ, ദരിദ്രരോട് കരുണ കാട്ടുന്നതിൽ നമുക്കുണ്ടായ വീഴ്ചകൾക്കു മാപ്പും അവരെ പരിഗണിക്കാനും സ്നേഹിക്കാനുമായി നമ്മുടെ മനസാക്ഷി വീണ്ടും ഉണരുന്നതിനുള്ള കൃപയും നമുക്കു യാചിക്കാം. സമാശ്വാസവും അടിയന്തിര ഭൗതിക സഹായങ്ങളും തേടുന്ന അവസ്ഥകളിലുള്ളവരെ നാം അനുദിന ജീവിതത്തിൽ കണ്ടുമുട്ടുമ്പോൾ സ്നേഹത്തിന്റെയും കരുണയുടെയും പ്രകടമായ പ്രവൃത്തികളിലൂടെ അവരുടെ അടിസ്ഥാന ആവശ്യങ്ങളോട് പ്രത്യുത്തരിക്കാൻ നമുക്കു പരിശ്രമിക്കാം.

ദൈവമേ സ്തുതി, ദൈവമേ നന്ദി.

പരിശുദ്ധ കന്യകാമാതാവേ, ഏറ്റം കരുണയുള്ള അമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.